**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1457** **03-02-2026 - ൽ മറുപടിയ്ക്ക്**

**സെറ്റ് യോഗ്യത നേടിയ അദ്ധ്യാപകരെ കെ-ടെറ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) യോഗ്യത നേടിയ അദ്ധ്യാപകരെ കെ-ടെറ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കുമോ; വിശദമാക്കാമോ; | (എ) | ബഹു. സുപ്രീം കോടതിയുടെ ടെറ്റ് യോഗ്യത സംബന്ധിച്ച സിവിൽ അപ്പീൽ നമ്പർ 1385/2025 മേലുള്ള 01.09.2025 തീയതിയിലെ വിധി അനുസരിച്ച് സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) യോഗ്യത നേടിയ അദ്ധ്യാപകരെ കെ-ടെറ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള പരാമർശങ്ങൾ ഇല്ല. |
| (ബി) | അദ്ധ്യാപക യോഗ്യതാ പരീക്ഷയുമായി ബന്ധപ്പെട്ട ബഹു. സുപ്രീം കോടതി ഉത്തരവിൽ ഹൈസ്കൂൾ വിഭാഗം അദ്ധ്യാപകർക്ക് യോഗ്യതാ പരീക്ഷ നേടണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; ഹൈസ്കൂൾ അദ്ധ്യാപകരെ ഈ വിധി ബാധിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | 2009-ലെ RTE നിയമം കുട്ടികൾക്ക് 6-14 വയസ്സ് വരെയുള്ളവർക്ക് സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നു. ആയതിലേക്കായി അധ്യാപകന്റെ നിലവാരം ഉറപ്പാക്കാൻ വേണ്ടിയാണ് NCTE (National Council for Teacher Education) 2010 മുതൽ TET പരീക്ഷ പ്രൈമറി വിഭാഗത്തിനു (ഒന്ന് മുതൽ എട്ട് വരെയുള്ള ക്ലാസുകളിൽ) നിർബന്ധമാക്കിയിട്ടുള്ളത്. Article 21A പ്രകാരം എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക സംസ്ഥാനത്തിന്റെ കടമയാണ്. കേരളത്തിലെ സ്കൂൾ ഘടന പ്രകാരം എട്ടാം ക്ലാസ് ഹൈസ്കൂൾ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. ബഹു. സുപ്രീം കോടതി വിധിന്യായം എട്ടാം ക്ലാസിനും ബാധകമാണ്. |
| (സി) | കെ-ടെറ്റ് 3-ന്റെ സിലബസിൽ വരുന്ന ഭാഗങ്ങൾ സെറ്റ് പരീക്ഷയുടെ സിലബസിൽ വരുന്നുണ്ടോ; സിലബസുകൾ തമ്മിൽ ഉള്ള വ്യത്യാസം എന്താണ്; രണ്ട് പരീക്ഷകളുടെയും സിലബസുകളുടെ പകർപ്പുകൾ സഹിതം വിശദമാക്കാമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | ഈ വിഷയത്തിൽ സർക്കാർ ബഹു. സുപ്രീം കോടതിയിൽ റിവ്യൂ ഹർജി ഫയൽ ചെയ്തിട്ടുണ്ടോ; ഫയൽ ചെയ്ത തീയതി എന്നാണെന്നും റിവ്യൂ | (ഡി) | ഉണ്ട്. വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | ഹർജിയിൽ ആവശ്യപ്പെട്ട കാര്യങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ; | | |
| (ഇ) | സെറ്റ് യോഗ്യത നേടിയവരെ കെ-ടെറ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കുന്നതിനു തടസ്സമുണ്ടോ; വിശദമാക്കാമോ; | (ഇ) | ഉണ്ട്. ബഹു. സുപ്രീം കോടതിയുടെ ടെറ്റ് യോഗ്യത സംബന്ധിച്ച സിവിൽ അപ്പീൽ നമ്പർ 1385/2025 മേലുള്ള 01.09.2025 തീയതിയിലെ വിധി അനുസരിച്ച് സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) യോഗ്യത നേടിയ അദ്ധ്യാപകരെ കെ-ടെറ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള പരാമർശങ്ങൾ ഇല്ല. |
| (എഫ്) | സെറ്റ് യോഗ്യത നേടിയവരെ കെ-ടെറ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കണം എന്ന് ആവശ്യപ്പെട്ടുള്ള നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാമാണ് നൽകിയതെന്നും ഈ നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | (എഫ്) | സെറ്റ് യോഗ്യത നേടിയവരെ കെ-ടെറ്റ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കണം എന്ന് ആവശ്യപ്പെട്ടുള്ള നിവേദനങ്ങൾ സംഘടനകളും വ്യക്തികളും സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ